**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2634** **02.04.2013-ൽ മറുപടിക്ക്**

## ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഫോൺ കണക്ഷൻ

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | ഉത്തരം<br>ശ്രീ. പി.കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ എത്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഫോൺ നൽകിയിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ചു വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് ആകെ നിലവിലുള്ള 163 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും ടെലിഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) നിരവധി സ്കൂളുകളുമായും മറ്റ് അനുബന്ധ സ്ഥാപനങ്ങളുമായും ഔദ്യോഗികജോലിയുടെ ഭാഗമായി നിരന്തരം ബന്ധപ്പെടേണ്ടിവരുന്ന ഉപജില്ലാവിദ്യാഭ്യാസ ഓഫീസുകളിലെല്ലാം ഫോൺ ബന്ധം സ്ഥാപിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) (സി) (ഡി) & (ഇ) ബാധകമല്ല. |
| (സി) ഇത്തരം സ്ഥാപനങ്ങളിൽ ജീവനക്കാരുടെ പണമുപയോഗിച്ച് ഫോൺ ബന്ധം സ്ഥാപിക്കുന്നതിന് അനുമതി നൽകാറുണ്ടോ ; | |
| (ഡി) ഇങ്ങനെ അനുമതി നൽകിയിട്ടുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഫോൺ ചാർജ്ജ് നൽകുന്നതിനുള്ള ഫണ്ട് സർക്കാർ ലഭ്യമാക്കാറുണ്ടോ ; | |
| (ഇ) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ചെലവിൽ ഫോൺ സ്ഥാപിച്ച് ഉപയോഗ യോഗ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**